## ജില്ലാ അദാലത്ത് സമിതി യോഗം-

07/02/2024ൽ ഓൺലൈൻ ആയി നടന്ന മീറ്റിംഗിൽ പരിഗണിച്ച പരാതികളും ആയതിന്മേൽ തദ്ദേശസ്ഥാപനങ്ങൾക്ക് നൽകുന്ന ഉപദേശങ്ങളും ചുവടെ ചേർക്കുന്നു.

പരാതി നം- BPTVPM0167000034

| | | |
|---|---|---|
| പരാതിക്കാരൻറെ പേര് | - | ശ്രീ. ജയൻ<br>പേഴുംകാല വീട്,ചന്തവിള |
| പരാതി വിഷയം | - | റോഡ് വികസനത്തിനായി ഭൂമിയും വീടും വിട്ടുനൽകി ബാക്കിവന്ന സ്ഥലത്ത് പണികഴിപ്പിച്ച വീടിന് കോർപ്പറേഷൻ നമ്പർ നൽകുന്നില്ല എന്നുള്ള നവകേരള സദസ്സിൽ സമർപ്പിച്ച പരാതി. |
| സൂചന | - | സിറ്റിസൺ അസിസ്റ്റൻസ് തിരുവനന്തപുരം ജില്ലാതല അദാലത്ത് സമിതി കൺവീനറുടെ ലോഗിനിൽ ലഭിച്ച BPTVPM0167000034 ഡോക്കറ്റ് നമ്പർ പരാതി. |

**സൂചന പരാതിയിന്മേൽ തിരുവനന്തപുരം ജില്ലാതല അദാലത്ത് സമിതി തിരുവനന്തപുരം നഗരസഭ സെക്രട്ടറിയ്ക്ക് നൽകുന്ന ഉപദേശം.**

തിരുവന്തപുരം നഗരസഭയിലെ ചന്തവിള വാർഡിൽ പേഴുംകാല വീട്ടിൽ സദാശിവൻ മകനായ ജയൻ,റോഡ് വികസനത്തിനായി ഏറ്റെടുത്തിട്ട് ബാക്കി വന്ന 1.5 സെൻറിൽ പണികഴിപ്പിച്ച വീടിന് നമ്പർ ലഭിച്ചിട്ടില്ലായെന്ന പരാതിയുടെ അടിസ്ഥാനത്തിൽ സ്ഥലപരിശോധന നടത്തുകയും ഫയൽ പരിശോധിച്ചതിൻറെയും അടിസ്ഥാനത്തിലുള്ള റിപ്പോർട്ട്.

അപേക്ഷകൻറെ കെട്ടിടം വെട്ടുറോഡ്-പോത്തൻകോട് റോഡിന് 21 മീറ്റർ വീതിയുള്ള സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്. ടിയാൻറെ കെട്ടിടത്തിൻറെ മുൻവശത്തെ ഭിത്തിയും വസ്തുവിൻറെ അതിരും തമ്മിൽ 1.20 മീറ്റർ മുതൽ 70 സെ.മീ. വരെ അകലം മാത്രമേയുള്ളൂ. ഈ ഭാഗത്ത് ഫസ്റ്റ് ഫ്ലോറിൻറെ പാസേജും തള്ളി നിൽക്കുന്നുണ്ട്. കൂടാതെ കെട്ടിടത്തിൻറെ പിൻവശവും ഒരു സൈഡും തൊട്ടടുത്ത കെട്ടിടത്തിൻറെ അതിരുമായി ചേർന്നുനിൽക്കുകയാണ്. ആയത് KMBR-2019 ചട്ടം 26-ൻറെ ലംഘനമാണെന്ന് കാണുന്നു. ഇത് സംബന്ധിച്ച് അപേക്ഷകന് നോട്ടീസ് നൽകിയതായി ഫയൽ പരിശോധനയിൽ കാണുന്നു.

2019 നവംബർ 7-ാം തീയതിയിലോ അതിനു മുമ്പോ നിർമ്മാണം നടന്നതോ പൂർത്തികരിച്ചതോ ആയ അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിനായി 9/02/2024 ലെ സ.ഉ(പി) നമ്പർ 20/2024/LSGDTVM നമ്പറായി പുറപ്പെടുവിച്ച 2024 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ചട്ടങ്ങൾ) പ്രകാരം തിരുവനന്തപുരം നഗരസഭയിൽ യഥാവിധി അപേക്ഷ നൽകുന്നതിന് നിലവിൽ അവസരമുണ്ടെന്ന വിവരം ശ്രീ.ജയൻറെ ശ്രദ്ധയിൽപ്പെടുത്തിയും അത്തരത്തിൽ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ചട്ടങ്ങൾക്ക് വിധേയമായി പരാതിയ്ക്ക് ആസ്പദമായ കെട്ടിടത്തിന് നമ്പർ അനുവദിക്കുന്ന വിഷയത്തിൽ തീരുമാനമെടുക്കുന്നതിന് തിരുവനന്തപുരം നഗരസഭ സെക്രട്ടറിയോട് ഉപദേശിച്ചും തീരുമാനിച്ചു.

JYOTHIS.V
ASSISTANT DIRECTOR-1
OFFICE OF THE JOINT DIRECTOR
LOCAL SELF GOVT. DEPARTMENT
THIRUVANANTHAPURAM

തിരുവനന്തപുരം
പിൻ.695043

ജോയിൻറ് ഡയറക്ടർ
തദ്ദേശ സ്വയംഭരണ വകുപ്പ്
സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന്
തിരുവനന്തപുരം പിൻ-695043